LIBRARY ARCHIVES Kerala Legislative Assembly

കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോ

276 (1981) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോ കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ പുതിയ ബസ്സ് ടെർമിനലും, ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഒന്നാംഘട്ടമായി നടപ്പിലാക്കുന്ന ബസ്സ് ടെർമിനൽ നിർമ്മാണ പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്തതിനാലാണ് ഇക്കാര്യത്തിൽ കാലതാമസം നേരിടുന്നത്.

(സി) ഇക്കാര്യത്തിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ സർവ്വീസുകൾ

277 (1982) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ റദ്ദ് ചെയ്ത സർവ്വീസുകൾ എത്രയാണെന്നും അവ ഏതെല്ലാം ആണെന്നും വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായകുളം ഡിപ്പോയിൽ നിന്നും ആരംഭിച്ചിട്ടുള്ള പുതിയ സർവ്വീസുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 11 സർവ്വീസുകൾ വരുമാനക്കുറവും ബസ്സിന്റെ കുറവും കാരണം താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട് :

1	06:15	കരുനാഗപ്പള്ളി - അഴീക്കൽ
2	06:50	വലിയഴീക്കൽ
3	06:20	കൊട്ടാരക്കര- നൂറനാട്
4	05:45	പന്തളം - ചാരുംമൂട്
5	06:30	മാവേലിക്കര - ചാരുംമൂട്
6	06:40	കോട്ടയം - മെഡി.കോളേജ്
7	06:55	ഓച്ചിറ - ആലപ്പുഴ
8	06:45	ചങ്ങനാശ്ശേരി
9	04:20	കളത്തുപ്പുഴ
10	07:30	ചിറക്കൽ ക്ഷേത്രം
11	07:50	കരുനാഗപ്പള്ളി-കൊച്ചുമുറി

(ബി) കായംകുളം യൂണിറ്റിൽനിന്നും ആരംഭിച്ച പുതിയ സർവ്വീസുകൾ

1	05:15	ഓച്ചിറ - വണ്ടാനം
2	06:00	ഓച്ചിറ - വണ്ടാനം
3	06:45	ഓച്ചിറ - വണ്ടാനം
4	07:00	പതിയൂർ - മാവേലിക്കര

മൂന്നാർ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ

278 (1983) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി) മൂന്നാർ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽ സൂപ്രണ്ട് ഇല്ലാത്തതും, സൂപ്രണ്ടിന്റെ ചാർജ്ജ് ആർക്കും നൽകിയിട്ടില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly